<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: അഞ്ജന.എം IAS )

ഉത്തരവ് നം.SJD/4203/2021-C1

തിരുവനന്തപുരം,
തീയതി. 27/03/2022

വിഷയം: സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ & ആഫ്റ്റർ കെയർ - തടവുകാരുടെ ആശ്രിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ഒറ്റത്തവണ ധനസഹായം അനുവദിക്കുന്ന പദ്ധതി -2021-22 - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം : 1.സ.ഉ സാധാ നം 505/2014/സാ.നീ.വ തീയതി 08/08/2014

2.സ.ഉ.(സാധാ) നം. 537/2021/സാ.നീ.വ. തീയതി. 05/08/2021

3.സാ.നീ.ഡയറക്ടറുടെ 07/02/2022, 01/03/2022 എന്നീ തീയതികളിലെ മേൽ നം .ഉത്തരവ്

4.മലപ്പുറം, തിരുവനന്തപുരം ജില്ലാ പ്രൊബേഷൻ ഓഫീസുകളിൽ നിന്നുള്ള അപേക്ഷകൾ.

വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി ദീർഘകാലമായി ജയിൽ ശിക്ഷ അനുഭവിച്ചുവരുന്നവരുടെ ആശ്രിതർക്ക് സ്വന്തമായി ഉപജീവനം കണ്ടെത്തുന്നതിനായി 15000/- രൂപ ഒറ്റതവണ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനു പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. നടപ്പ് വർഷവും ടി പദ്ധതി തുടരുന്നതിന് അനുമതി നൽകിയും 10 ലക്ഷം രൂപ ടി പദ്ധതിയിലേക്ക് വകയിരുത്തിയും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്രൊബേഷൻ ഓഫീസുകളിൽ അപേക്ഷ ക്ഷണിക്കുകയും അന്വേഷണം നടത്തി ശുപാർശ സഹിതം ഈ കാര്യാലയത്തിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു .ആയതിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷം ടി പദ്ധതി പ്രകാരം ആകെ 25 അപേക്ഷകൾക്ക് **15000/- രൂപ** നിരക്കിൽ **3,75,000/-രൂപ** പരാമർശം 3 പ്രകാരം അനുവദിച്ചു നൽകിയിരുന്നു

മലപ്പുറം, തിരുവനന്തപുരം ജില്ലാ പ്രൊബേഷൻ ഓഫീസുകളിൽ ലഭിച്ച യഥാക്രമം 2, 1 വീതം അപേക്ഷകൾ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർ അന്വേഷണം നടത്തി ശുപാർശ സഹിതം ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി അപേക്ഷകൾ പരിശോധിച്ചതിൽ ലഭിച്ച 3 അപേക്ഷകളും പരിഗണനാർഹമാണെന്ന് കാണുന്നു.പ്രസ്തുത അപേക്ഷകർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ഒരാൾക്ക് 15,000/- രൂപാ നിരക്കിൽ 3 പേർക്ക് **45,000/- ( നാൽപത്തയ്യായിരം രൂപാ മാത്രം ) രൂപ** ധനസഹായം അനുവദിക്കാവുന്നതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ ദീർഘകാലമായി ജയിൽ ശിക്ഷ അനുഭവിച്ചു വരുന്ന തടവുകാരുടെ ആശ്രിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി

ഒരാൾക്ക് 15,000/- രൂപാ നിരക്കിൽ 3 പേർക്ക് 45,000/- ( **നാൽപത്തയ്യായിരം രൂപാ മാത്രം** ) രൂപ മലപ്പുറം, തിരുവനന്തപുരം ജില്ല പ്രൊബേഷൻ ഓഫീസർമാർക്ക് കൈമാറുന്നതിനായി ബന്ധപ്പെട്ട ജില്ലാ സാ.നീ ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ തുകയായ **45,000/-രൂപ, ജില്ല സാമൂഹ്യ നീതി ഓഫീസിര്മാർ** ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്ക് അനുവദിക്കേണ്ടതും പ്രൊബേഷൻ ഓഫീസിര്മാർ ചുവടെ അനുബന്ധമായി ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതുമാണ്.,

## തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം

2021-2022

| ക്രമ നം. | അപേക്ഷകന്റെ പേരും മേൽവിലാസവും | തടവിൽ കഴിയുന്ന വ്യക്തിയുടെ പേര് | തടവിൽ കഴിയുന്ന വ്യക്തിയുമായി അപേക്ഷകന്റെ ബന്ധം | ആരംഭിക്കുന്ന സംരംഭം | അനുവദിക്കുന്ന തുക | അഭിപ്രായം |
|---|---|---|---|---|---|---|
| | **മലപ്പുറം ജില്ല** | | | | | |
| 1 | അനന്ദു പാലയിൽ ഹൌസ് നടുവത്ത് പി ഒ വണ്ടൂർ മലപ്പുറം | ജയരാജ് | മകൻ | കോഴി വളർത്തൽ | 15,000/- | പ്രൊബേഷൻ ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. ധനസഹായം അനുവദിക്കാവുന്നതാണ്. |
| 2 | സലീന കന്നെക്കാട്ടുഹൌസ് തിരുനവായ് മലപ്പുറം | ഷംസുദീൻ | ഭാര്യ | കന്നുകാലി വളർത്തൽ | 15,000/- | പ്രൊബേഷൻ ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. ധനസഹായം അനുവദിക്കാവുന്നതാണ്. |
| | ആകെ | | | | 30,000/- | |
| | **തിരുവനന്തപുരം ജില്ല** | | | | | |
| 1 | ഹസീന ആർ ഹസീന മൻസിൽ കരുവിക്കോണം വേട്ടമ്പള്ളി ഇരിഞ്ചയം പി ഒ നെടുമങ്ങാട് | മുഹമ്മദ് ഷാഹിൻ | ഭാര്യ | ആട് വളർത്തൽ | 15,000/- | പ്രൊബേഷൻ ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. ധനസഹായം അനുവദിക്കാവുന്നതാണ് |
| | ആകെ | | | | 15,000/- | |

ഇതിലേയ്ക്കാവശ്യമായ ചെലവ് 45,000/- ( **നാൽപത്തയ്യായിരം രൂപാ മാത്രം** ) 2021-22 സാമ്പത്തിക വർഷത്തിൽ 2235-02-106-93 (പ്ലാൻ) എന്ന ശീർഷകത്തിൽ .അനുവദിച്ചു നൽകിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

ജില്ലാ പ്രൊബേഷൻ ഓഫീസർ, മലപ്പുറം തിരുവനന്തപുരം

പകർപ്പ് :

1. ജില്ലാ സാമൂഹ്യനീതി ഓഫീസർ, മലപ്പുറം തിരുവനന്തപുരം
2.

സൂപ്രണ്ട്, എ&ബി സെക്ഷൻ

File No.SJD/4203/2021-C1

3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്